**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6615** **11-11-2021 - ൽ മറുപടിയ്ക്ക്**

**എഞ്ചിനീയറിംഗ് കോളേജ് അദ്ധ്യാപകരുടെ പുതുക്കിയ ശമ്പള സ്കെയിൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ | | **Dr. R. Bindu**<br>**(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | എഞ്ചിനീയറിംഗ് കോളേജുകളിലെ അദ്ധ്യാപകർക്ക് 16/02/2021 തീയതിയിലെ GO(MS)നം.99/2021/HEdn. ഉത്തരവ് പ്രകാരമുള്ള പുതുക്കിയ സ്കെയിലിൽ ശമ്പളം നൽകി തുടങ്ങിയോ എന്ന് വ്യക്തമാക്കാമോ; | (എ) | 16.02.2021 ലെ G.O (MS) No.99/2021/HEDN പ്രകാരം പുതുക്കിയ ശമ്പളം നൽകി തുടങ്ങിയിട്ടില്ല. സംസ്ഥാന അക്കൌണ്ടൻറ് ജനറൽ കാര്യാലയത്തിൽ നിന്നും പുതുക്കിയ ശമ്പള നിരക്ക് അനുവദിച്ച payslip ലഭിച്ച ശേഷം മാത്രമേ പുതുക്കിയ ശമ്പളം ലഭ്യമാവുകയുള്ളൂ. |
| (ബി) | ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദീകരിക്കാമോ; | (ബി) | പ്രസ്തുത ഉത്തരവിൽ പരാമർശിച്ചിട്ടുള്ള ഓപ്ഷൻ ഫോം/Ph.D അഡ്വാൻസ് ഇൻക്രിമെൻറ് എന്നിവയിൻമേൽ അക്കൗണ്ടന്റ് ജനറൽ ചില വിശദീകരണങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിന്മേൽ ഉചിതമായ മറുപടി നൽകുന്ന മുറയ്ക്ക് അക്കൗണ്ടന്റ് ജനറൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | 2016 മുതൽ 2019 വരെയുള്ള കുടിശ്ശിക വിഹിതം കേന്ദ്ര സർക്കാരിൽ നിന്ന് ലഭിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ; | (സി) | 2016 മുതൽ 2019 വരെയുള്ള കുടിശ്ശിക വിഹിതം കേന്ദ്ര സർക്കാരിൽ നിന്ന് ലഭ്യമാക്കുന്നതിലേയ്ക്ക് കേന്ദ്ര മാനവ വിഭവ ശേഷി വകുപ്പ് ഡയറക്ടർക്ക് 31.3.2020-ൽ കത്ത് നൽകിയിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് കുടിശ്ശിക അനുവദിക്കുന്നതാണ്. |
| (ഡി) | ഇല്ലെങ്കിൽ ആയത് ലഭ്യമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ; | (ഡി) | 2016 മുതൽ 2019 വരെയുള്ള കുടിശ്ശിക വിഹിതം കേന്ദ്ര സർക്കാരിൽ നിന്ന് ലഭ്യമാക്കുന്നതിലേയ്ക്ക് കേന്ദ്ര മാനവ വിഭവ ശേഷി വകുപ്പ് ഡയറക്ടർക്ക് 31.3.2020-ൽ കത്ത് നൽകിയിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് കുടിശ്ശിക അനുവദിക്കുന്നതാണ്. |
| (ഇ) | കുടിശ്ശിക തുക അദ്ധ്യാപകരുടെ ജി.പി.എഫ്. അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ഇ) | 2016 മുതൽ 2019 വരെയുള്ള കുടിശ്ശിക വിഹിതം കേന്ദ്ര സർക്കാരിൽ നിന്ന് ലഭ്യമാക്കുന്നതിലേയ്ക്ക് കേന്ദ്ര മാനവ വിഭവ ശേഷി വകുപ്പ് ഡയറക്ടർക്ക് 31.3.2020-ൽ കത്ത് നൽകിയിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് കുടിശ്ശിക അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ